# പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 611. 29.06.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം | മറുപടി ..

ശ്രീ. ടി.വി. രാജേഷ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട് ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 21 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. UID എന്റ്റോൾമെന്റ്, ഇ-ഡിസ്ട്രിക്ട്, ഈ-ഗ്രാന്റ്സ്,ഫാർമെസ്സ് ഡാറ്റ എൻട്രി, ലേബർ വെൽഫയർ കമ്മീഷണറേറ്റിന്റെ ഡാറ്റാ എൻട്രി, ഫുഡ് സേഫ്റ്റി & ലൈസൻസിനു വേണ്ടിയുള്ള ഓൺലൈൻ അപേക്ഷ, , കൾച്ചറൽ വെൽഫയർ ബോർഡിന്റെസബ്സ്ക്രിപ്ഷൻ കളക്ഷൻ, SC മെട്രിക് ഡാറ്റാ എൻട്രി , മുഖ്യ മന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കൽ, ചിയാക് രജിസ്ട്രേഷൻ, ആബി രജിസ്ട്രേഷൻ, ക്ഷീര കർഷക വെൽഫയർ പേഴ്സണലിനുള്ള കമ്പ്യൂട്ടർ പരിശീലനം, ഈ ഫയലിംഗ്, ബാങ്കിംഗ് കിയോസ്ക്,ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങൾ അക്ഷയകേന്ദ്രങ്ങൾ വഴി നൽകിവരുന്നു. |
| ബി) | അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദാംശം നൽകുമോ ? | (ബി) | നിലവിലെ വ്യവസ്ഥകൾ അനുസരിച്ച ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം,മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനുകളിൽ കുടുംബ സാന്ദ്രതക്കനുസരിച്ച് (House hold density) കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകി വരുന്നത്. എന്നാൽ രണ്ടു അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കീലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനം പ്രമേയം പാസാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.